ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്

(ബി) 50 എം.എം.ബി.സി.യും 25 എം.എം ബി.സി. യും ചെയ്തു 36 കിലോമീറ്റർ റോഡ് 6 മീറ്റർ വീതിയിൽ പുനരുദ്ധരിച്ച് ബലപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) 15.01 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി&ഇ) കേന്ദ്രസർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

151 (2251) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാം ആണെന്നും ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും അവഎന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു. *

ചേന്നയ്ക്കൽ - കുത്താട്ടുകുളം റോഡിന്റെ 3-ാം ഘട്ട നിർമ്മാണം

152 (2252) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പി.ഡബ്ല്യു.ഡി. സബ്ഡിവിഷൻ കീഴിലെ ചേന്നക്കൽ കുത്താട്ടുകുളം റോഡിന്റെ 3-ാം ഘട്ട നിർമ്മാണം എന്നാണ് ടെണ്ടർ ചെയ്തത് ; ആരാണ് ടെണ്ടർ എടുത്തിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനത്തിനാണ് പ്രവൃത്തി എടുത്തിട്ടുള്ളത് ;

(സി) നിർമ്മാണം തുടങ്ങുന്നതിന് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സം കോൺട്രാക്ടർ ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

(ഡി) ഈ പ്രവൃത്തി ചെയ്യാൻ ടിയാൻ തയ്യാറാകുന്നില്ലെങ്കിൽ ഇതിനു തൊട്ടുതാഴെ കോട്ട് ചെയ്തിട്ടുള്ള കരാറുകാരനുമായി ചർച്ച നടത്തി പ്രവൃത്തി തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഈ പ്രവൃത്തിയുടെ ടെൻഡർ റദ്ദാക്കി പുനർലേലം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-1-2010-ൽ ടെണ്ടർ ചെയ്തു. കാവുംകൽ റോഡ് ബിൽഡേഴ്സ് ആണ് ഏറ്റവും കുറഞ്ഞ ടെന്റർ സമർപ്പിച്ചിട്ടുള്ളത്.

(ബി) എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 24.99% അധിക നിരക്കിലാണ് പ്രവൃത്തി എടുത്തത്.

(സി) എഗ്രിമെന്റ് വച്ചിട്ടില്ല. ടെന്റർ അനുമതി നൽകിയപ്പോൾ firm period കഴിഞ്ഞതിനാൽ ടി വർക്ക് ഏറ്റെടുക്കുവാൻ വിമുഖത പ്രകടിപ്പിച്ച് കരാറുകാരൻ കത്ത് നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്

(ഇ) സ്വീകരിക്കുന്നതാണ്.

കണ്ടങ്കേരി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

153 (2253) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കോഴിമുക്ക്-ചമ്പക്കുളം റോഡിൽ കണ്ടങ്കേരി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിലെ കരാറുകാരനെ ഒഴിവാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കരാറുകാരനെ ഒഴിവാക്കി നിർമ്മാണ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ടങ്കേരി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാരനെ ഒഴിവാക്കാൻ 17-8-2010-ൽ നോട്ടിസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly